പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3085 — 13.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി-യിലെ ഡ്യൂട്ടി പരിഷ്കരണം

<u>ചോദ്യം</u>

ശ്രീ. എം.ഉമ്മർ

<u>ഉത്തരം</u>

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി-യിൽ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട് നടത്തിയ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ കോർപ്പറേഷന് നാളിതുവരെ എത്ര രൂപ ലാഭിക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ചില തൊഴിലാളി സംഘടനകളും തൊഴിലാളികളും ടി നടപടിയെ 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ചു എന്ന് ആരോപിച്ച് ബഹു.കേരളാ ഹൈക്കോടതിയെ സമീപിക്കുകയും, ഇത് സംബന്ധിച്ച് 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലെ |
| (ബി) | ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയ ശേഷം ശമ്പള ചെലവിൽ എത്ര രൂപ കുറവു വന്നിട്ടുണ്ട്; താത്ക്കാലിക ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവയിൽ എത്ര തുകയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞു; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | വ്യവസ്ഥ കൾക്കനുസരിച്ച് ഡ്യൂട്ടി പരിഷ്കരണം ചർച്ച ചെയ്ത് പുതിയ ഒരു തീരുമാനത്തിൽ എത്തിച്ചേരണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതിനാൽ ഇതനുസരിച്ച് മുഴുവൻ ഷെഡ്യൂളുകളും സിംഗിൾ ഡ്യൂട്ടി പാറ്റേണിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഡ്യൂട്ടി പാറ്റേൺ ഏകീകരണവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തിക നേട്ടം സംബന്ധിച്ച കണക്കുകൾ ഇപ്പോൾ സമർപ്പിക്കുവാൻ ആവുന്നതല്ല. |
| (സി) | ഡ്യൂട്ടി പരിഷ്കരണം നടപ്പിലാക്കിയതിലൂടെ കോർപ്പറേഷനുണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ? | (സി) | ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**